**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ് - കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡിന്റെ അധിക ചുമതല കൂടി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (കെ) വകുപ്പ്

സ.ഉ.(സാധാ) നം.834/2023/ID തീയതി,തിരുവനന്തപുരം, 17-08-2023

---

പരാമർശം:- 1. സ.ഉ (സാധാ)നം.1165/2022/വ്യവ തീയതി, 03.11.2022

2. വ്യവസായ വാണിജ്യ ഡയറക്ടറുടെ 26.07.2023 തീയതിയിലെ D1C/2311/2023-ED2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് ബാംബൂ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല കൂടി നൽകി ഉത്തരവായിരുന്നു. എന്നാൽ എറണാകുളം ജില്ലയിലെ വ്യവസായ ഉൽപ്പാദന സേവന മേഖലകളിലായി ധാരാളം പദ്ധതി നിർവ്വഹണ ചുമതലകളുള്ളതിനാൽ ബാംബൂ കോർപ്പറേഷന്റെ പ്രവർത്തനങ്ങളിൽ വേണ്ട രീതിയിൽ പ്രവർത്തിക്കാൻ ടിയാന് കഴിയുന്നില്ല എന്നും ആയതിനാൽ ബാംബൂ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ ടിയാനെ പ്രസ്തുത പദവിയിൽ നിന്നും നീക്കം ചെയ്ത് പകരം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡിന്റെ അധിക ചുമതല കൂടി നൽകി ഉത്തരവാകണമെന്നും പരാമർശം (2) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ചിരിക്കുന്ന വസ്തുതകൾ കണക്കിലെടുത്ത് എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരിൽ നിന്നും കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല ഒഴിവാക്കി Article 12 & 16 of the Articles of Association of Kerala State Bamboo Corporation പ്രകാരം പ്രസ്തുത ചാർജ്ജ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് കൈമാറി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സിജു ജേക്കബ്

ജോയിന്റ് സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ്, എറണാകുളം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ്, എറണാകുളം